# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

## 2012 മാർച്ച് 2, വെള്ളി

നിയമസഭ രാവിലെ 9.00-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### ചരമോപചാരം

### എം.ഒ.എച്ച്. ഫാറൂഖിന്റെ നിര്യാണം

മി. സ്പീക്കർ: കേരള ഗവർണ്ണർ ആയിരിക്കെ നമ്മെ വിട്ടുപിരിഞ്ഞ എം.ഒ. എച്ച്. ഫാറൂഖ് പരിചയപ്പെട്ട എല്ലാവരുടേയും ഹൃദയത്തിൽ സ്ഥാനം നേടിയ ഭരണത്തവലനായിരുന്നു. ഒരു മാസത്തോളം ചെന്നൈയിലെ അപ്പോളോ ആശുപത്രിയിൽ ചികിത്സയിലായിരുന്ന അദ്ദേഹം 2012 ജനുവരി 26-ന് നിര്യാതനായി. കേന്ദ്രഭരണപ്രദേശമായ കാരയ്ക്കലിൽ 1937 സെപ്റ്റംബർ 6-നാണ് എം.ഒ.ഹസ്സൻ ഫാറൂഖ് ജനിച്ചത്. ഫ്രഞ്ച് കോളനി യായിരുന്ന പുതുച്ചേരിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരങ്ങളിൽ പങ്കാളിയായി പൊതുപ്രവർത്തനം ആരംഭിച്ച അദ്ദേഹം നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ആദ്യ അവസരത്തിൽത്തന്നെ പുതുച്ചേരി നിയമസഭാ സ്പീക്കറായും പിന്നീട് മൂന്ന് തവണ മുഖ്യമന്ത്രിയായും ഒരുതവണ പ്രതിപക്ഷ നേതാവായും പ്രവർത്തിച്ചു. നരസിംഹറാവു മന്ത്രിസഭയിൽ

ടൂറിസം-വ്യോമയാന വകുപ്പുകളുടെ സഹമന്ത്രിയായി ദേശീയതലത്തിലും സജീവമായിരുന്നു. സൗദി അറേബ്യയിലെ ഇൻഡ്യൻ അംബാസിഡറായും ഝാർഖണ്ഡ് ഗവർണ്ണറായും നിസ്തുലമായ സേവനമാണ് അദ്ദേഹം കാഴ്ചവച്ചത്. പുതുച്ചേരിയിലെ രാഷ്ട്രീയത്തിന് ഭരണസ്ഥിരതയും ദിശാ ബോധവും ഫാറൂഖിന്റെ വലിയ സംഭാവനകളായിരുന്നു. പ്രാദേശികവാദങ്ങളും ഭാഷാവികാരങ്ങളും ഉയർത്തിക്കൊണ്ട് അയൽ സംസ്ഥാനങ്ങളിൽ ദേശീയതയോട് കലഹങ്ങൾ നിരന്തരം നടക്കുമ്പോഴും പോണ്ടിച്ചേരിയിലെ ജനങ്ങളെ കൂടെനിർത്തി മുന്നോട്ടുനയിച്ചു. ദേശീയ വിചാരധാരയോടൊപ്പം ജനങ്ങളെ അണിനിരത്തിയതിനുപുറമെ പിന്നോക്ക, ന്യൂനപക്ഷ ക്ഷേമത്തിനും വളരെയേറെ പ്രാധാന്യം കൽപ്പിച്ചിരുന്നു. ദേശീയ രാഷ്ട്രീയത്തിൽ പ്രധാന നേതാക്കളോടൊപ്പം വളരാൻ സാധിച്ചത് പ്രവർത്തനശൈലിയിലുള്ള ഈ സവിശേഷതകളാണ്. ഹിന്ദുമത ദർശന ങ്ങളും പുരാണേതിഹാസങ്ങളും ഹൃദിസ്ഥമാക്കിയിരുന്ന അദ്ദേഹത്തിന് ജ്യോതിഷത്തിലും അഗാധ പാണ്ഡിത്യമുണ്ടായിരുന്നു. ഏൽപ്പിക്കുന്ന ചുമതലകൾ ഭംഗിയായി നടപ്പാക്കിയെന്നതും അവിടെയെല്ലാം വിജയം നേടിയെന്നുള്ളതും ഇടവേളകളില്ലാതെ ഫാറൂഖിന് ലഭിച്ച സ്ഥാനലബ്ധികളിൽനിന്നും വ്യക്തമാകുന്നു. കേരളവുമായുള്ള തന്റെ പിതാമഹന്മാരുടെ ബന്ധത്തെക്കുറിച്ച് അഭിമാനിക്കുന്ന എം.ഒ.എച്ച്. ഫാറൂഖ് പുതുച്ചേരി സംസ്ഥാനത്തിന്റെ ഭാഗമായ കേരളത്തിലെ മയ്യഴി എന്ന കൊച്ചുപ്രദേശത്തോട് ഒരു പ്രത്യേക മമത മനസ്സിൽ സൂക്ഷിച്ചിരുന്നു. വികസന കാര്യങ്ങളിൽ മയ്യഴിക്ക് പ്രത്യേകമായ പരിഗണന അദ്ദേഹം എന്നും നൽകിയിരുന്നു. അദ്ദേഹത്തിന്റെ ഭരണപരിചയവും പക്വതയും മതേതര കാഴ്ചപ്പാടും സർവ്വോപരി ദേശീയ വീക്ഷണവും കേരളത്തിന് എക്കാലവും

മാതൃകയാകുമെന്ന് പ്രതീക്ഷിക്കുന്നു. മലയാളത്തേയും മലയാളിയേയും കേരളത്തേയും സ്നേഹിച്ച ആ നേതാവിന്റെ ഓർമ്മകൾക്ക് മുന്നിൽ സ്നേഹാഞ്ജലികൾ അർപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): എം.ഒ.എച്ച്. ഫാറൂഖിനെക്കുറിച്ച് ചെയർ പറഞ്ഞ എല്ലാ അഭിപ്രായങ്ങളോടും യോജിക്കുന്നു. വളരെ കുറച്ച് നാളുകൾ മാത്രമേ കേരളത്തിൽ ഗവർണ്ണറായിരുന്നുള്ളൂവെങ്കിലും അദ്ദേഹം കേരളത്തേയും കേരളം അദ്ദേഹത്തേയും വളരെയധികം സ്നേഹിച്ചു. സൗദി അറേബ്യയിലെ ഇൻഡ്യൻ അംബാസിഡറായിരുന്ന സമയത്താണ് എനിക്ക് അദ്ദേഹവുമായി അടുത്തിടപെടാൻ സാധിച്ചത്. സൗദിയിലെ മലയാളികൾക്കു ണ്ടാകുന്ന പ്രശ്നങ്ങൾ വളരെ താൽപ്പര്യത്തോടുകൂടി അദ്ദേഹം കൈകാര്യം ചെയ്തിരുന്നു. പ്രവാസികളുടെ കാര്യത്തിൽ അദ്ദേഹം എടുത്തിട്ടുള്ള താൽപ്പ ര്യങ്ങൾ എന്നും സ്മരിക്കുകതന്നെ ചെയ്യും. 27-ാമത്തെ വയസ്സിൽ സ്പീക്ക റാവുകയും 29-ാം വയസ്സിൽ ഇൻഡ്യയിലെ ഏറ്റവും പ്രായംകുറഞ്ഞ മുഖ്യ മന്ത്രിയാവുകയും ചെയ്തു. കേന്ദ്ര മന്ത്രി, അംബാസിഡർ, ഗവർണ്ണർ എന്നീ നിലകളിലെല്ലാം വളരെയേറെ സംഭാവനകൾ നൽകിയിട്ടുണ്ട്. അദ്ദേഹം തികഞ്ഞ ഒരു മതേതരവാദിയായിരുന്നു. ന്യൂനപക്ഷ വിഭാഗങ്ങളുടെ പ്രശ്ന ങ്ങൾ ദേശീയതലത്തിൽ കൊണ്ടുവരുന്നതിന് ആത്മാർത്ഥമായി പ്രവർത്തിച്ചി ട്ടുള്ള ഒരു നേതാവായിരുന്നു. അദ്ദേഹത്തിന്റെ വേർപാട് കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു വലിയ നഷ്ടമാണ്. അദ്ദേഹത്തിന്റെ നിര്യാണ ത്തിൽ കുടുംബാംഗങ്ങൾക്കുള്ള ദു:ഖത്തിൽ ഞാനും എന്റെ പാർട്ടിയും പങ്കു ചേരുകയും അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എം.ഒ.എച്ച്. ഫാറൂഖിനെ അനുസ്മരിച്ച് ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രകടിപ്പിച്ച വികാരങ്ങളോട് യോജിക്കുന്നു. പോണ്ടിച്ചേരി രാഷ്ട്രീയത്തിൽ ഒരു കാലഘട്ടത്തിൽ നിറഞ്ഞുനിന്നിരുന്ന ശക്തനായ ഒരു രാഷ്ട്രീയ നേതാവായിരുന്നു അദ്ദേഹം. പുതുച്ചേരി നിയമസഭാ സ്പീക്കർ, മുഖ്യമന്ത്രി, പാർലമെന്റ് അംഗം, കേന്ദ്ര മന്ത്രി, സൗദി അറേബ്യയിലെ അംബാസിഡർ, ഝാർഖണ്ഡിലേയും കേരളത്തിലേയും ഗവർണ്ണർ എന്നീ സ്ഥാനങ്ങൾ വഹിച്ചതോടൊപ്പം ദേശീയതലത്തിൽ സജീവമായി പ്രവർത്തിക്കുവാനും മാഹിയുടെ പുരോഗതിക്കുവേണ്ടി വളരെയധികം സേവനം അനുഷ്ഠിക്കാനും അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. പരിചയപ്പെടുന്നവരുമായി സ്നേഹബന്ധം സ്ഥാപിക്കുന്ന ഒരു പ്രത്യേകത അദ്ദേഹത്തിനുണ്ടായിരുന്നു. മുസ്ലീം മതത്തിൽ ജനിച്ച അദ്ദേഹം മുൻകൈയെടുത്ത് ഒരു ഹിന്ദു ദേവാലയം നിർമ്മിച്ചു എന്നുള്ളത് എക്കാലവും ഓർമ്മിക്കപ്പെടുന്നതാണ്. പൊതുപ്രവർത്തകർക്ക് മാതൃകയായ ഒരു രാഷ്ട്രീയ നേതാവിനെയാണ് നമുക്ക് നഷ്ടപ്പെട്ടത്. അദ്ദേഹത്തിന്റെ വിയോഗത്തിൽ ഞാനും എന്റെ പാർട്ടിയും അനുശോചനം രേഖപ്പെടുത്തുന്നു.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): എം.ഒ.എച്ച്. ഫാറൂഖിനെക്കുറിച്ച് ബഹുമാനപ്പെട്ട ചെയറും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ ഉപനേതാവും പറഞ്ഞ കാര്യങ്ങളോട് പൂർണ്ണമായും യോജിക്കുന്നു. വളരെ ചെറുപ്പംമുതൽ തന്നെ ഉന്നത സ്ഥാനങ്ങളിൽ എത്തി വൈവിദ്ധ്യമാർന്ന പദവികൾ വഹിച്ച സ്നേഹസമ്പന്നനായ ഒരു നേതാവാണ് വിടവാങ്ങിയിരിക്കുന്നത്. പോണ്ടിച്ചേരിയിൽ മുഖ്യമന്ത്രിയായിരുന്ന സമയത്തും കേന്ദ്രമന്ത്രിയായിരുന്ന

സമയത്തും കേരളത്തോട് ഒരു ബന്ധം സൂക്ഷിച്ചിരുന്നു. സൗദി അറേബ്യയിലെ പ്രവാസികളുടെ പ്രശ്നങ്ങളിൽ ഇടപെട്ട് തീരുമാനമുണ്ടാക്കുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ കുടുംബാംഗങ്ങൾക്കും അദ്ദേഹത്തെ സ്നേഹിക്കുന്ന ജനങ്ങൾക്കുമുള്ള ദു:ഖത്തിൽ പങ്കുചേരുകയും അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

ശ്രീ. സി. ദിവാകരൻ: എം.ഒ.എച്ച്. ഫാറൂഖിനെക്കുറിച്ച് ഇവിടെ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് യോജിക്കുന്നു. കേരള ഗവർണ്ണറായി സത്യപ്രതിജ്ഞ ചെയ്തെങ്കിലും അദ്ദേഹം നയപ്രഖ്യാപന പ്രസംഗം നടത്തുന്നത് കേൾക്കാനും കാണാനുമുള്ള അവസരം നമുക്ക് ലഭിച്ചില്ല. കക്ഷിരാഷ്ട്രീയത്തിന്റെ സങ്കുചിത താൽപ്പര്യങ്ങൾക്കതീതമായി മാതൃകാപരമായ പ്രവർത്തനമാണ് അദ്ദേഹം നടത്തിയിരുന്നത്. ഏതാനും ദിവസം ഞാൻ സൗദി അറേബ്യയിൽ ആയിരുന്നപ്പോൾ അദ്ദേഹത്തെ കാണാൻ ആഗ്രഹം പ്രകടിപ്പിക്കുകയും തുടർന്ന് എംബസിയിലേക്ക് എന്നെ വിളിപ്പിച്ച് കേരളത്തിലെ നിരവധി പ്രശ്നങ്ങളെക്കുറിച്ച് അന്വേഷിക്കുകയുമുണ്ടായി. മതേതരത്വത്തിന്റെ ആൾരൂപമായിരുന്ന അദ്ദേഹത്തിന് വളരെ ചെറുപ്പത്തിൽത്തന്നെ ഉന്നത സ്ഥാനങ്ങളിലെത്താൻ കഴിഞ്ഞു. അവസാന നിമിഷംവരെ കറപുരളാത്ത പൊതുജീവിതം നയിച്ച അദ്ദേഹത്തിന്റെ സേവനങ്ങൾ പൂർണ്ണമായി കേരളത്തിന് ലഭിച്ചില്ലെങ്കിലും അദ്ദേഹം കേരളത്തിന്റെ ഭാഗമായിരുന്നു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടും അദ്ദേഹത്തെ സ്നേഹിക്കുന്ന ജനങ്ങളോടും എനിക്കും എന്റെ പാർട്ടിക്കുമുള്ള ദു:ഖം രേഖപ്പെടുത്തുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>) : 48 വർഷക്കാലം പൊതുജീവിതത്തിൽ നിറഞ്ഞുനിന്ന എം.ഒ.എച്ച്. ഫാറൂഖ്, സ്പീക്കർ, മുഖ്യമന്ത്രി, എം.പി, കേന്ദ്രമന്ത്രി, അംബാസിഡർ, ഗവർണ്ണർ എന്നീ നിലകളിലെല്ലാം പ്രവർത്തിച്ചിരുന്നു. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ചെറുപ്പത്തിൽത്തന്നെ അംഗീകാരം നേടിയ വ്യക്തിത്വമായിരുന്നു അദ്ദേഹത്തി ന്റേത്. കേരളത്തെ നന്നായി മനസ്സിലാക്കിയ അദ്ദേഹം ദേശീയ രാഷ്ട്രീയ ത്തിൽ വലിയ സംഭാവനകളാണ് നൽകിയിട്ടുള്ളത്. മുഖ്യമന്ത്രിയെന്ന നിലയിൽ പോണ്ടിച്ചേരിയെ വളരെക്കാലം നയിച്ചിരുന്ന അദ്ദേഹം വരുംതലമുറയ്ക്ക് നല്ലൊരു മാതൃകയാണ്. അദ്ദേഹത്തിന്റെ വിയോഗം തീരാ നഷ്ടമാണ്. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്ക് മുമ്പിൽ എന്റേയും എന്റെ പാർട്ടിയുടേയും ആദരാഞ്ജലികൾ അർപ്പിക്കുകയും അനുശോചനം അറിയി ക്കുകയും ചെയ്യുന്നു.

<u>ശ്രീ. മാത്യു ടി തോമസ്</u>: ബഹുമാനപ്പെട്ട സ്പീക്കറും സഭാനേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുന്നു. ചുരുങ്ങിയ സമയംകൊണ്ട് കേരളത്തെ ഉൾക്കൊള്ളുവാനും തനികേരളീയനായി മാറു വാനും അദ്ദേഹത്തിന് കഴിഞ്ഞു. ദേശീയ രാഷ്ട്രീയത്തിൽ അമൂല്യമായ സംഭാവന നൽകിയതിനുശേഷമാണ് അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞത്. ഏതൊരു വ്യക്തിയുമായും പ്രത്യേകിച്ച് രാഷ്ട്രീയ പ്രതിയോഗികളുമായി ഉറ്റ സൗഹൃദം സ്ഥാപിക്കുവാനുള്ള വിശാല മനസ്സിന്റെ ഉടമയായിരുന്നു അദ്ദേഹം. അടിയുറച്ച ഈശ്വരവിശ്വാസി ആയിരിക്കുമ്പോൾത്തന്നെ തികഞ്ഞ മതേതരവാദിയായി പ്രവർത്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. പോണ്ടിച്ചേരി സ്പീക്കർ, മുഖ്യമന്ത്രി, എം.പി., കേന്ദ്രമന്ത്രി, സൗദി

അറേബ്യയിലെ ഇൻഡ്യൻ അംബാസിഡർ എന്നീ നിലകളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയ ജനനേതാവായിരുന്നു എം.ഒ.എച്ച്. ഫാറൂഖ്. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): കേരള കാർഷിക സർവ്വകലാശാലയുടെ ചാൻസിലർ എന്ന നിലയിൽ ഔദ്യോഗികമായി അദ്ദേഹത്തെ കാണാൻ പോയ അവസരത്തിൽ കാർഷിക സർവ്വകലാശാലയെ സെന്റർ ഓഫ് എക്സലൻസ് ആക്കണമെന്ന നിർദ്ദേശമാണ് നൽകിയത്. ചെന്നൈയിലെ അപ്പോളോ ഹോസ്പിറ്റലിൽ അസുഖമായി കിടക്കുമ്പോഴും അദ്ദേഹത്തെ കാണാനും സംസാരിക്കാനും എനിക്ക് അവസരം ലഭിച്ചു. ഹൈന്ദവ സംസ്കാരത്തേയും ഇസ്ലാമിക സംസ്കാരത്തേയും കുറിച്ച് ആഴത്തിൽ പഠിച്ച മതേതരവാദിയായിരുന്ന അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. എ. എ. അസീസ്: എം.ഒ.എച്ച്. ഫാറൂഖിനെക്കുറിച്ച് ഇവിടെ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് യോജിക്കുന്നു. കേരളീയർക്ക് കൂടുതൽ അടുക്കാനും അദ്ദേഹത്തിന്റെ സൃഷ്ടികളെ സംബന്ധിച്ച് മനസ്സിലാക്കാനും സാധിക്കുന്നതിനുമുമ്പുതന്നെ അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞു. വളരെ ചെറുപ്പ കാലത്തുതന്നെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാനും ഉന്നതതലങ്ങളിൽ ഭരണാധികാരിയാകാനും സൗദി അറേബ്യയിലെ ഇൻഡ്യൻ അംബാസിഡറാകാനുമൊക്കെ അദ്ദേഹത്തിന് കഴിഞ്ഞു. പിന്നോക്ക ന്യൂനപക്ഷ വകുപ്പിന്റെ ചുമതലക്കാരനായും അദ്ദേഹം പ്രവർത്തിച്ചിരുന്നു. വിവിധ മേഖലകളിൽ

ഭരണപരമായ കഴിവ് പ്രകടിപ്പിച്ചിട്ടുള്ള മഹത് വ്യക്തിത്വത്തിന്റെ ഉടമയായിരുന്ന അദ്ദേഹത്തിന്റെ വേർപാടിലുള്ള ദു:ഖത്തിൽ പങ്കുചേരുന്നു.

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): ബഹുമാനപ്പെട്ട സ്പീക്കറും സഭാനേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുന്നു. വളരെ ചെറുപ്പത്തിൽത്തന്നെ എം.എൽ.എ., സ്പീക്കർ, മുഖ്യമന്ത്രി, സൗദി അറേബ്യൻ അംബാസിഡർ, ഇൻഡ്യൻ ടൂറിസം വകുപ്പുമന്ത്രി എന്നിങ്ങനെ വിവിധ പദവികൾ വഹിക്കാനും രാജ്യത്തെ സേവിക്കാനും കഴിഞ്ഞ സജീവ പൊതു പ്രവർത്തകനായിരുന്നു അദ്ദേഹം. ദേശീയ രാഷ്ട്രീയത്തിൽ പ്രവർത്തിക്കാനും വിദ്യാർത്ഥിയായിരിക്കെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാനും പോണ്ടിച്ചേരിപോലുള്ള ചെറിയ സ്റ്റേറ്റിൽ മുഖ്യമന്ത്രിയായി പ്രവർത്തിച്ചു കൊണ്ട് ലക്ഷക്കണക്കിന് ചെറുപ്പക്കാർക്ക് ആത്മവിശ്വാസം പകരാനും അദ്ദേഹത്തിന് കഴിഞ്ഞു. രാഷ്ട്രീയത്തിൽ മാത്രമല്ല സ്പോർട്സിലും മറ്റ് വിവിധ മേഖലകളിലും അദ്ദേഹത്തിന്റെ സാന്നിദ്ധ്യം നിറഞ്ഞുനിന്നിരുന്നു. തികഞ്ഞ ഈശ്വരവിശ്വാസിയും മതേതരവാദിയുമായിരുന്ന അദ്ദേഹത്തിന്റെ സേവനം രാജ്യത്തിനും പൊതുപ്രവർത്തകർക്കും മാതൃകയായിരുന്നു. അദ്ദേഹത്തിന്റെ വേർപാടിലുള്ള ദു:ഖത്തിൽ പങ്കുചേരുന്നു.

ശ്രീ. തോമസ് ചാണ്ടി: സഭയിൽ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് യോജിക്കുന്നു. വളരെ ചെറുപ്പത്തിൽത്തന്നെ സ്പീക്കറായും മൂന്നു പ്രാവശ്യം ഒരു സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായും കേന്ദ്രമന്ത്രി, സൗദി അറേബ്യൻ അംബാസിഡർ എന്നീ നിലകളിലും അദ്ദേഹത്തിന് പ്രവർത്തിക്കാൻ കഴിഞ്ഞു. അദ്ദേഹം സൗദി അറേബ്യൻ അംബാസിഡറായിരുന്നപ്പോൾ അവിടെ ജയിലുകളിൽ കഴിഞ്ഞിരുന്ന മലയാളികൾക്ക് ആശ്വാസത്തിന്റെ

കാലഘട്ടമായിരുന്നു. അദ്ദേഹത്തിന്റെ സേവനം തുടർന്നും നമുക്ക് ലഭിക്കാതെ പോയത് നിർഭാഗ്യകരമാണ്. അദ്ദേഹത്തിന്റെ വേർപാടിലുള്ള ദു:ഖത്തിൽ പങ്കുചേരുന്നു.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു)

സഭ രാവിലെ **9.32**-ന് പിരിഞ്ഞു.

**&&&&&&**